# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2347 — 20.06.2012-ൽ മറുപടിയ്ക്ക്

## ശാസ്താംകോട്ട തടാക സംരക്ഷണം

ചോദ്യം : ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിക്കുന്നതിന് നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും കൂടാതെ ടി തടാകവും വൃഷ്ടി പ്രദേശങ്ങളും സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചു കൊണ്ടും ഈ മേഖലയിലെ അനധികൃത നിയമലംഘന പ്രവർത്തനങ്ങൾ നിരോധിച്ചു കൊണ്ടുള്ള ജില്ലാമജിസ്ട്രേട്ടിന്റെ ഉത്തരവ് എല്ലാ രണ്ട് മാസ കാലയളവിലും പുറപ്പെടുവിച്ചു വരുന്നു. |
| (ബി) ശാസ്താംകോട്ട തടാകതീരത്തെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ശാസ്താംകോട്ട തടാക തീരത്തെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട റവന്യൂ, പഞ്ചായത്ത് അധികൃതർ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) ശാസ്താംകോട്ട തടാകം അടുത്ത കാലത്തായി വളരെയധികം ജലശോഷണം സംഭവിച്ച് ജലസമ്പത്ത് നഷ്ടപ്പെടുന്നതിന്റെ കാരണം പഠനവിഷയമാക്കിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിന്റെ പഠനത്തിനായി നിയോഗിച്ചിരിക്കുന്നത് ? | (ഡി) സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട്. |

സെക്ഷൻ ഓഫീസർ

12